പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3990

25.06.2014- ൽ മറുപടിക്ക്

## ട്രെയിനിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ഭക്ഷണത്തെക്കുറിച്ച് ഉയർന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | ട്രെയിനുകളിലെ ഭക്ഷണത്തെ സംബന്ധിച്ച പരാതികളെക്കുറിച്ച് ഭക്ഷ്യസുരക്ഷാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ; | ബി) & സി) | ഇൻഡ്യൻ റെയിൽവേയുടെ അധീനതയിലുള്ള മുഴുവൻ സ്ഥലങ്ങളും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 പ്രകാരം റെയിൽവേ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ പരിധിയിലാണുള്ളത്. ആയതിനാൽ ട്രെയിനുകളിലെ ഭക്ഷണത്തെ സംബന്ധിച്ച പരാതികൾ റെയിൽവേ ഭക്ഷ്യസുരക്ഷാ വിഭാഗമാണ് പരിശോധിക്കുന്നത്. |
| സി) | ട്രെയിനുകളിലെ പാൻട്രി കാറുകളിലും റെയിൽവേ സ്റ്റേഷനിലെ ഹോട്ടലുകളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പരിശോധനകൾ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ